**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6695** **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യിൽ എത്ര പേർക്ക് നിയമനം നൽകി; ഇതിൽ സ്ഥിരം, കരാർ, താത്കാലിക നിയമനങ്ങളുടെ കണക്കുകൾ തരം തിരിച്ച് ലഭ്യമാകുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യിൽ 5188 പേർക്കും ഹയർ ഡിവിഷൻ ഓഫീസർ തസ്തികകളിൽ 25 പേർക്കും സ്ഥിരം നിയമനം നൽകിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് M/s കെസ്കോൺ ഏജൻസി മുഖേന കരാർ അടിസ്ഥാനത്തിൽ 103 ഗാർഡ് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിവിധ മാനേജീരിയൽ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ 61 പേർക്കും നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി. യിൽ നിന്ന് എത്ര ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റു വകുപ്പുകളിൽ ജോലി ചെയ്യുന്നുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ആർ.റ്റി.സി യിൽ നിന്നും 4 പേർ നിലവിൽ വിവിധ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ പുതിയതായി നിയമനം ലഭിച്ച അക്കൗണ്ട്സ് ഓഫീസർമാരുടെ ട്രെയിനിംഗ് പൂർത്തിയായോ; എത്ര പേരാണ് ട്രെയിനിംഗിൽ പങ്കെടുക്കുന്നത്; കണക്കുകൾ ലഭ്യമാക്കുമോ? | (സി) | കെ.എസ്.ആർ.റ്റി.സി യിൽ പുതുതായി അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ സ്ഥിരം നിയമനം നടത്തിയിട്ടില്ല. എന്നാൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (AO) തസ്തികയിൽ 6 പേരെയും, അസിസ്റ്റൻ ട്രാൻസ്പോർട്ട് ഓഫീസർ (ATO) തസ്തികയിൽ 6 പേരെയും പി.എസ്.സി മുഖാന്തിരം ട്രെയിനി ആയി നിയമിച്ചിരുന്നു. ടി ജീവനക്കാർ ഒരു വർഷക്കാലത്തെ ട്രെയിനിംഗ് പൂർത്തികരിച്ചിട്ടുണ്ട്. AO (Trainee) തസ്തികയിൽ നിയമിതരായ വരെ AO ആയി നിയമിച്ചിട്ടുണ്ട്. ATO (Trainee) തസ്തികയിൽ ട്രെയിനിംഗ് പൂർത്തികിച്ചവരുടെ ATO ആയുള്ള നിയമന നപടികൾ പുരോഗമിച്ചു വരികയാണ്. രണ്ട് ATO ട്രെയിനിമാർ കൂടി പുതിയ പി.എസ്.സി അഡ്വൈസ് പ്രകാരം ജോയിൻ ചെയ്തിട്ടുണ്ട്. ആ ജീവനക്കാരുടെ ട്രെയിനിംഗ് പൂർത്തികരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ